**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണം - എറണാകുളം ജില്ലയിലെ വടവ്കോട് - പുത്തൻ കുരിശ് ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ ഇ എൽ അശോകന്റെ ശാരീരിക / മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് വിദ്യഭ്യാസ അലവൻസ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ. (സാധാ ) നം.**91/2016/**തസ്വഭവ തീയതി, തിരുവനന്തപുരം, 11.01.2016

---

പരാമർശം : 1. സ.ഉ(പി)നം. 85/2011/ധന തീയതി 26.02.2011
2. പഞ്ചായത്ത് ഡയറക്ടറുടെ 21/08/2014 ലെ ഇ 6-124763/2011 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

എറണാകുളം ജില്ലയിലെ വടവ്കോട്- പുത്തൻ കുരിശ് ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ ഇ.എൽ. അശോകന്റെ ശാരീരിക / മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് വിദ്യഭ്യാസത്തിനായി അലവൻസ് അനുവദിക്കണമെന്നാവശ്യപ്പെട്ട് പഞ്ചായത്ത് ഡയറക്ടർ പരാമർശം 2 കത്തുകൾ പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചു.

2. ശ്രീ ഇ.എൽ.അശോകന്റെ രണ്ട് കുട്ടികളും ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരാണെന്നും(ഓട്ടിസം), 2011 ജൂൺ മാസത്തിനു മുമ്പ് വരെ കേരളത്തിനകത്തും പുറത്തുമായി വിവിധ സ്പെഷ്യൽ സ്കൂളുകളിലാണ് പഠനം നടത്തിയതെന്നും ടി സ്കൂളുകളിൽ നിന്നും സാക്ഷ്യപ്പത്രങ്ങൾ ലഭ്യമാക്കാൻ സാധിച്ചിട്ടില്ലെന്നും 2011 ജൂൺ മാസം മുതൽ " NIRMAL TRAINING CENTRE FOR EXCEPTIONAL CHILDREN", കാക്കനാട് എന്ന സ്ഥാപനത്തിലാണ് പഠിക്കുന്നതെന്നും അപേക്ഷ സമർപ്പിച്ച മാസം മുതൽ അലവൻസ് അനുവദിക്കണമെന്നുമാണ് അപേക്ഷിച്ചിരിക്കുന്നത്.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പഞ്ചായത്ത് ഡയറക്ടറുടെ ശിപാർശ കണക്കിലെടുത്ത് എറണാകുളം ജില്ലയിലെ വടവ്കോട് - പുത്തൻ കുരിശ് ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ.ഇ.എൽ. അശോകന്റെ ശാരീരിക / മാനസിക

വെല്ലുവിളികൾ നേരിടുന്ന രണ്ട് കുട്ടികൾക്ക്, ഓരോ കുട്ടിയ്ക്കും 01/6/2011 മുതൽ മുൻകാല പ്രാബല്യത്തിൽ 450/- രൂപ (നാന്നൂറ്റിയമ്പത് രൂപാ മാത്രം) വീതം വിദ്യഭ്യാസ അലവൻസ് അനുവദിച്ച് ഉത്തരവാകുന്നു

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീകല സി.എസ്സ്**
അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം (പഞ്ചായത്ത് ഡയറക്ടർ മുഖേന).
ശ്രീ ഇ. എൽ. അശോകൻ, വടവ്കോട് - പുത്തൻ കുരിശ് ഗ്രാമപഞ്ചായത്ത്,
എറണാകുളം(പഞ്ചായത്ത് ഡയറക്ടർ മുഖേന).
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എൽ.ബി.എ & എ) കേരള.
ധനവകുപ്പ് ( ഡെവ.1/29/15-ധന തീയതി 15.09.2015 നമ്പർ കുറിപ്പ് പ്രകാരം)
ഡയറക്ടർ, ഐ. കെ. എം. (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ